## 1035

1 എനിക്കെന്റെ യേശുവിനെ കണ്ടാൽ മതി
ഇഹത്തിലെ മായാസുഖം വിട്ടാൽ മതി
പരൻ ശിൽപിയായ് പണിത നഗരമതിൽ
പരനോടുകൂടെ വാഴാൻ പോയാൽ മതി-

2 ഒരിക്കൽ പാപന്ധകാര കുഴിയതിൽ ഞാൻ
മരിച്ചവനായ് കിടന്നോരിടത്തു നിന്നു
ഉയർത്തി ഇന്നോളമെന്നെ നിർത്തിയവൻ
ഉറപ്പുള്ള പാറയാകും ക്രിസ്തേശുവിൽ-

3 ഇവിടെ ഞാൻ വെറുമൊരു പരദേശിപോൽ
ഇവിടത്തെ പാർപ്പിടമോ വഴിയമ്പലം
ഇവിടെനിക്കാരും തുണ ഇല്ലെങ്കിലും
ഇണയാകും യേശുവോടു ചേർന്നാൽ മതി-

4 പ്രിയനെനിക്കിനിയേകും ദിനമൊക്കെയും
ഉയർത്തിടാം സുവിശേഷക്കൊടിയീമന്നിൽ
ഇളക്കമില്ലാത്ത നാട്ടിൽ വസിച്ചിടുവാൻ
തിടുക്കമാണെൻ മണാളൻ വന്നാൽ മതി-

5 കളങ്കമില്ലാതെ എന്നെ തിരുസന്നിധേ
വിളങ്ങുവാൻ യേശു കഷ്ടം സഹിച്ചെനിക്കായ്
തളർന്ന മെയ് കാൽകരങ്ങൾ തുളച്ച മാർവ്വും
നിറഞ്ഞ കണ്ണീരുമാർദ്രഹൃദയവുമായ്-

6 നിറഞ്ഞ പ്രത്യാശയാൽ ഞാൻ ദിനമൊക്കെയും
പറഞ്ഞ വാക്കോർത്തുമാത്രം പാർത്തിടുന്നു
നിറുത്തേണമെ വിശുദ്ധ ആത്മാവിനാൽ
പറന്നേറി വാനിലെത്തി വസിച്ചാൽ മതി- **M.C.J.**